(സി) ഉണ്ടെങ്കിൽ എന്നാണ് ശുപാർശ ചെയ്തത് ;

(ഡി) ഏതു വർഷത്തിൽ ഈ പണി തുടങ്ങുവാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ ഓവർബ്രിഡ്ജ് നിർമ്മാണത്തിന്റെ പ്രാരംഭ നടപടികളും ആയിട്ടില്ല.

(ബി) ഇല്ല.

(സി) സിയുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇപ്പോഴത്തെ സാഹചര്യത്തിൽ വ്യക്തമാക്കുവാൻ സാധിക്കുകയില്ല.

തിരുവല്ല-എടത്വ-തകഴി തീവണ്ടിപ്പാത

1414. [2009] ശ്രീ. പി. സി. തോമസ് (തിരുവല്ല) : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നിലവിലുള്ള എറണാകുളം-തിരുവനന്തപുരം തീവണ്ടിപ്പാതയേയും, നിർദ്ദിഷ്ടമായ എറണാകുളം-കായംകുളം തീവണ്ടിപ്പാതയേയും തമ്മിൽ സന്ധിപ്പിക്കുന്നതും കേരളത്തിന്റെ നെല്ലറയായ കുട്ടനാടിന്റേയും ആലപ്പുഴ തുറമുഖത്തിന്റേയും വികസനത്തിന് വളരെയധികം ഉപകരിക്കുവാൻ വിപുലമായ സാദ്ധ്യതയുള്ളതുമായ തിരുവല്ല-എടത്വ-തകഴി തീവണ്ടിപ്പാത ആരംഭിക്കുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുമോ ?

ഉത്തരം

ഇങ്ങനെ ഒരു തീവണ്ടിപ്പാത നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

സ്വകാര്യ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്ക് ഗ്രാന്റ്

1415. [2011] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85, 1985-86 എന്നീ വർഷങ്ങളിൽ സ്വകാര്യ സ്കൂൾ മാനേജർമാർക്ക് സ്കൂൾ കാമ്പൗണ്ട്വാൾ, കിണർ, കളിസ്ഥലങ്ങൾ മുതലായവയുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി ഗ്രാന്റ് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപ ;

(സി) ഏതെല്ലാം സ്കൂളുകൾക്ക് ?

ഉത്തരം

(എ) 6-11-1984-ലെ ഗവൺമെന്റ് ഉത്തരവ് നം. (പി) 236/84/പൊ. വി. അനുസരിച്ച് ഈ പറഞ്ഞ വകകൾക്കുകൂടി ഗ്രാന്റ് ഉപയോഗിക്കാം. ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരാണ് ഗ്രാന്റ് അനുവദിക്കുന്നത്.

(ബി) മേൽപ്പറഞ്ഞ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly